**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1486** **01-02-2024 - ൽ മറുപടിയ്ക്ക്**

**സംരക്ഷിതാധ്യാപകരുടെ പുനർവിന്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2016 ജൂലായ് 15 നും 2016 ഡിസംബർ 3 നും ഇടയിൽ സംസ്ഥാനത്തെ എയ്ഡഡ് വിദ്യാലയങ്ങളിലെ ദീർഘകാല അവധി ഒഴിവുകളിൽ നിയമിതരാവുകയും പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 06/02/2021 ലെ സ.ഉ.(പി) 04/2021 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നോഷണൽ ആയി അപ്പൂവൽ ലഭിക്കുകയും ചെയ്ത അധ്യാപകരുടെ കാറ്റഗറി തിരിച്ചുള്ള എണ്ണം വിശദമാക്കുമോ; | (എ) | വിവരം ശേഖരിച്ചുവരുന്നു. |
| (ബി) | 29/11/2016 ലെ മന്ത്രിസഭായോഗത്തിന്റെ അംഗീകാരത്തിനായി പൊതുവിദ്യാഭ്യാസ വകുപ്പ് സമർപ്പിച്ച (ഫയൽ നമ്പർ : 712040 /ജെ2/2016 ) 199/2016 കെ.ഇ.ആർ. അമെൻമെന്റിന്റെ കരടിൽ പ്രാബല്യ തീയതി ഏതായിരുന്നു എന്നറിയിക്കുമോ; | (ബി) | 29.01.2016 മുതൽ പ്രാബല്യം നൽകിയിട്ടുണ്ട് . |
| (സി) | 03/12/2016 ലെ സ.ഉ.(പി): 199/2016 (എസ്.ആർ.ഒ. നം.752/2016) ചട്ടങ്ങൾക്ക് മുൻകാല പ്രാബല്യം കൊടുക്കുന്നത് സംബന്ധിച്ച് നിയമ വകുപ്പിന്റെ അഭിപ്രായം എന്തായിരുന്നു എന്ന് അറിയിക്കുമോ; | (സി) | ഭേദഗതി ചട്ടങ്ങൾ മുൻകാല പ്രാബല്യത്തോടെ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന 05/08/2016 മുതൽ ഭേദഗതി ചട്ടങ്ങളിലെ വ്യവസ്ഥകൾക്കും 26/09/2016 ലെ AG യുടെ നിർദ്ദേശത്തിനും വിരുദ്ധമായി യാതൊരു നിയമനവും ഡിപ്ലോയ്മെന്റും നടന്നിട്ടില്ലായെന്ന് ഭരണവകുപ്പ് ഉറപ്പ് വരുത്തണമെന്നായിരുന്നു നിയമവകുപ്പിന്റെ അഭിപ്രായം. |
| (ഡി) | 03/12/2016 ലെ സ.ഉ.(പി): 199/2016 കെ.ഇ.ആർ. അമെൻമെന്റിൽ 29/01/2016- ലെ സ.ഉ.(പി) 29/2016 ഉത്തരവിനെ സംബന്ധിച്ചോ ഉത്തരവ് നമ്പറോ പ്രതിപാദിച്ചിട്ടുണ്ടോ; | (ഡി) | ഇല്ല . |
| (ഇ) | 03/12/2016 ലെ സ.ഉ.(പി): 199/2016 കെ.ഇ.ആർ. അമെൻമെന്റിൽ സംരക്ഷിതാധ്യാപകരുടെ പുനർവിന്യാസവുമായി ബന്ധപ്പെട്ട ഏത് സർക്കാർ ഉത്തരവാണ് പരാമർശിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | (ഇ) | 05-08-2016 ലെ സ.ഉ (അച്ചടി) നമ്പർ 134 /2016 / പൊ.വി.വ നമ്പർ ഉത്തരവാണ് പരാമർശിച്ചിട്ടുള്ളത് . |

സെക്ഷൻ ഓഫീസർ